## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 679

03/11/2016-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ. ആർ . രാമചന്ദ്രൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) "ക്ഷീര കർഷകരാണ് ക്ഷീര മേഖലയുടെ നട്ടെല്ല്" എന്ന് സർക്കാർ നയത്തിന്റെ ഭാഗമായി ക്ഷീര കർഷകരെ സഹായിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീര കർഷകർക്കായി വിജ്ഞാന വ്യാപന പരിപാടികൾ, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾ നവീകരിക്കുന്നതിനുള്ള ധനസഹായം,പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, ആവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമ നിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാപെൻഷൻ ,ചികിത്സധനസഹായം,വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ക്ഷീര കർഷകരെ കർഷകരായി കണക്കാക്കുന്നുണ്ടെങ്കിൽ കൃഷിക്കാർക്കുള്ള ലോണുകളുടെ പലിശനിരക്കിലുള്ള ഇളവുകൾ ക്ഷീര കർഷകർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ കൃഷിക്ക് ലഭിക്കുന്ന നിരക്കിൽ ക്ഷീര കർഷകർക്ക് വായ്പ ലഭിക്കുന്നില്ല. ക്ഷീരകർഷകർക്ക് കാർഷിക മേഖലയ്ക്ക് ലഭിക്കുന്ന നിരക്കിൽ വായ്പ ലഭിക്കുന്നതിന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ക്ഷീര കർഷകർക്ക് ധനസഹായം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കാലിതൊഴുത്ത് പുതുതായി നിർമ്മിക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50,000/- രൂപയും കാലിതൊഴുത്ത് നവീകരിക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50,000/- രൂപയും നൽകിവരുന്നു. |
| (ഡി) | തീറ്റപ്പുൽകൃഷി വ്യാപകമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വനമേഖലയിലെ തരിശു കിടക്കുന്ന പ്രദേശങ്ങൾ തീറ്റപ്പുൽകൃഷിക്ക് ഉപയോഗിക്കുന്നതിന് പദ്ധതി രൂപീകരിക്കുമോ; | (ഡി) | ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനു വേണ്ടിയും വർഷം മുഴുവൻ തീറ്റപ്പുല്ലിന്റെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനും കർഷകർക്ക് തീറ്റപ്പുൽ കൃഷിയ്ക്ക് ധനസഹായം ചെയ്യുന്നതിനും അസോള, ചോളം, വൻപയർ എന്നീ കൃഷി പ്രോത്സാഹിപ്പിക്കുന്ന തിനുമായി വകുപ്പ് തീറ്റപ്പുൽകൃഷി നടപ്പിലാക്കി വരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ ഉൾപ്പെടെ 20,000/- രൂപ സബ്സിഡി നൽകുന്നു. കൂടാതെ പുൽകൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഒരുക്കുന്നതിനും യന്ത്രവത്കരണത്തിനും ധന സഹായം നൽകുന്നു. സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് കുറഞ്ഞ നിരക്കിൽ പുല്ല് വിൽക്കുന്നതിന് വനിതകളെ ഉൾപ്പെടുത്തി ഗോപാലിക |

തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കി വരികയാണ്.

വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പങ്കാളിത്ത വന പരിപാലന സംവിധാനത്തിൽ വന സംരക്ഷണ സമിതികൾ മുഖാന്തിരം അനുയോജ്യമായ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് ദേശീയ വനവൽക്കരണ പദ്ധതിയിൻ കീഴിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വനപ്രദേശങ്ങളിലൂടെ കടന്ന് പോകുന്ന ഹൈടെൻഷൻ, ലോടെൻഷൻ, ഇലക്ട്രിക്ക് ലൈനുകളുടെ താഴെ ലഭ്യമായിട്ടുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ പങ്കാളിത്ത വന പരിപാലന സ്ഥാപനമായ വന സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ മുഖാന്തിരം തീറ്റപ്പുൽ വച്ച് പിടിപ്പിച്ച് ശേഖരണം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

(ഇ) കുളമ്പുരോഗം മൂലം മരണമടയുന്ന ഉരുക്കളുടെ ഉടമകൾക്ക് ധനസഹായം നല്കുന്നുണ്ടോ ?

(ഇ) നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ